# സുഹ്റാബുദ്ദീനും ബി.ജെ.പിക്കാരനായിരുന്നു!

**'ഇന്ത്യയിൽ** മുസ്‌ലിംകൾ ഈ രാജ്യത്തെ ഇതര മത-സമുദായങ്ങളുമായി സമരസപ്പെട്ടും സൗഹൃദപ്പെട്ടും സഹകരിച്ചും ജീവിക്കാൻ തയാറാകണം. എങ്കിലേ അവർക്ക് ഭദ്രമായ നിലനിൽപും സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ രംഗങ്ങളിൽ പുരോഗതിയും സാധ്യമാകൂ. ഇല്ലെങ്കിൽ അവസാനിക്കാത്ത സംഘർഷവും വികസനത്തിൽനിന്നുള്ള ഒറ്റപ്പെടലുമായിരിക്കും ഫലം'- വിവിധ വേദികളിൽനിന്ന് സാധാരണ കേട്ടുവരാറുള്ളതാണീ വാദം. ഇതര സമുദായങ്ങളുമായി സൗഹാർദപരവും സഹകരണാത്മകവുമായ ബന്ധങ്ങൾ സ്ഥാപിക്കുക എന്നത് ഇസ്‌ലാമിന്റെ അധ്യാപനങ്ങളിൽ പെട്ടതാണ്. ഇസ്‌ലാമിക പാരമ്പര്യത്തിന്റെ ഭാഗവുമാണത്. ഇന്ത്യയിലെ മുസ്‌ലിം സംഘടനകളൊന്നും അതു നിഷേധിക്കുന്നില്ല.

എന്നാൽ സൗഹാർദവും സഹകരണവും ഏകപക്ഷീയമായി ഉണ്ടാക്കാവുന്നതല്ല. രണ്ടു പക്ഷവും ചേർന്നുണ്ടാകേണ്ടതാണ്. നിങ്ങൾ ഞങ്ങളോട് സഹകരിക്കണം, സൗഹാർദം സ്ഥാപിക്കണം എന്ന് മറ്റുള്ളവരോട് കൽപിക്കുകയല്ല അതിനുള്ള മാർഗം. മറിച്ച് ഞങ്ങൾ നിങ്ങളോട് സഹകരിക്കാം, നമുക്ക് സുഹൃത്തുക്കളാവാം എന്ന് പറഞ്ഞുകൊണ്ട് ഇരുപക്ഷവും മുന്നോട്ടു വരികയാണ്. അങ്ങനെ രൂപപ്പെടുന്ന സൗഹൃദമേ യഥാർഥ സൗഹൃദമാകൂ. ന്യൂനപക്ഷം ഭൂരിപക്ഷത്തോട് സമരസപ്പെടണം, സഹകരിക്കണം എന്ന് കൽപിക്കുന്നതിൽ യഥാർഥ സൗഹാർദത്തിന്റെ ആത്മാവിനെ ചോർത്തിക്കളയുന്ന ഫാഷിസം പതിയിരിക്കുന്നുണ്ട്. ഫാഷിസത്തിന് ആരോടും സമരസപ്പെടാനോ സഹിഷ്ണുത പുലർത്താനോ കഴിയില്ല. മറ്റുള്ളവർ അവരുടേതായ എല്ലാം -മതവും സംസ്കാരവും, പേരുകൾ വരെ- തങ്ങളുടെ ഇഷ്ടത്തിനും മേൽക്കോയ്മക്കും അടിയറ വെക്കുമ്പോൾ മാത്രമേ അവർ തൃപ്തരാകൂ. അതിനു തയാറില്ലാത്തവരെല്ലാം ഉന്മൂലനം ചെയ്യപ്പെടേണ്ടവരാണ്.

ഇന്ത്യയിൽ ഹിന്ദുത്വ ഫാഷിസത്തിന്റെ വളർച്ച ത്വരിതപ്പെട്ടപ്പോൾ മുസ്‌ലിം സമുദായത്തിൽനിന്ന് ഭീരുക്കളും അവസരവാദികളുമായ ചിലർ അവരെ പിന്തുണക്കാൻ മുന്നോട്ടുവന്നു. പലരും ബി.ജെ.പി പ്രവർത്തകരും നേതാക്കളുമായി വേഷംകെട്ടി. ഹിന്ദുക്കൾ ഭൂരിപക്ഷ സമുദായമാണ്. ഈ രാജ്യം അവരുടേതാണ്. അവരുടെ തൃപ്തി നേടിക്കൊണ്ടല്ലാതെ മുസ്‌ലിംകൾക്ക് ഇവിടെ സമാധാനത്തോടെ ജീവിക്കാനാവില്ല എന്നാണവരുടെ ന്യായം. പാർട്ടിയിൽ ചേരുന്ന മുസ്‌ലിംകൾക്ക് ബി.ജെ.പി ഇടക്കിടെ ഓരോ അപ്പത്തുണ്ടുകൾ എറിഞ്ഞുകൊടുക്കുകയും ചെയ്യും. അതിൽ ആകൃഷ്ടരായി, തങ്ങളെ ഏതാപത്തിൽനിന്നും പാർട്ടി രക്ഷിച്ചുകൊള്ളും എന്ന പ്രതീക്ഷയിൽ അഭിരമിക്കുകയാണവർ.

നിർണായക ഘട്ടങ്ങളിൽ ഈ സ്വപ്നം കേവലം മരീചികയാണെന്ന് തെളിഞ്ഞ നിരവധി സംഭവങ്ങൾ രാജ്യത്തുണ്ടായിട്ടുണ്ട്. 1992-ലെ ബാബരി മസ്ജിദ് ധ്വംസനത്തെത്തുടർന്ന് അയോധ്യയിൽ പൊട്ടിപ്പുറപ്പെട്ട മുസ്‌ലിം വിരുദ്ധ കലാപത്തിൽ, പ്രാദേശിക ബി.ജെ.പി മുസ്‌ലിം നേതാവിന്റെ വീട്ടിലും അക്രമികളെത്തി. താൻ ബി.ജെ.പിയുടെ പ്രാദേശിക നേതാവാണെന്ന് അയാൾ കൈകൂപ്പിനിന്ന് അവരെ അറിയിച്ചു. ബി.ജെ.പിക്കാരനാണെങ്കിലും നീ 'ഹൈദർ' ആണല്ലോ എന്നായിരുന്നു അക്രമികളുടെ മറുപടി. സ്വന്തം വീട്ടുവാതിൽക്കൽ തന്നെ അയാൾ വെട്ടിവീഴ്ത്തപ്പെടുകയായിരുന്നു. കുപ്രസിദ്ധമായ ഗുജറാത്ത് കലാപത്തിൽ ആക്രമിക്കപ്പെട്ട മുസ്‌ലിംകളുടെ കൂട്ടത്തിൽ ബി.ജെ.പിയുടെ ജില്ലാതല നേതാക്കളും പാർട്ടി അനുഭാവികളായ സർപഞ്ചു(പഞ്ചായത്ത് പ്രസിഡന്റ്)കളും ഉൾപ്പെടുന്നു. അതിനുമുമ്പ് മുംബൈയിൽ നടന്ന കലാപത്തിൽ കൊല്ലപ്പെട്ടവരിലും ബി.ജെ.പി പ്രവർത്തകരും അനുഭാവികളുമായ മുസ്‌ലിംകളുണ്ടായിരുന്നു.

ഗുജറാത്തുകാരനായ സുഹ്റാബുദ്ദീനും പത്നി കൗസർബിയും വ്യാജ ഏറ്റുമുട്ടലിൽ കൊലചെയ്യപ്പെട്ടതാണ് ഒടുവിലത്തെ സംഭവം. പാരമ്പര്യമുള്ള ബി.ജെ.പി കുടുംബമാണ് സുഹ്റാബുദ്ദീന്റേത്. പാർട്ടിയിൽ പല സ്ഥാനങ്ങളും വഹിച്ചിട്ടുള്ളവർ. ജനസംഘത്തിന്റെ കാലം മുതലേ പാർട്ടിയിൽ പ്രവർത്തിച്ചുവരുന്ന തനിക്ക് പാർട്ടിയുടെ ഗവൺമെന്റിൽനിന്ന് ഇത്ര ക്രൂരമായ ഒരനുഭവം നേരിടേണ്ടിവന്നല്ലോ എന്ന് വിലപിക്കുകയാണിപ്പോൾ സുഹ്റാബുദ്ദീന്റെ പിതാവ് അൻവറുദ്ദീൻ. സ്വന്തം ഗ്രാമമായ സർടിയയിലെ വലിയ ഭൂവുടമയും നാട്ടുകാരുടെ തർക്കങ്ങൾ പറഞ്ഞുതീർക്കുന്ന സുസമ്മതനായ മാധ്യസ്ഥനും കൂടിയാണദ്ദേഹം. ഭാര്യ സൈബുന്നിസാ ബീവി ഗ്രാമത്തിന്റെ സർപഞ്ചുമാണ്. അവർ പറയുന്നു: 'ഞങ്ങൾ പണ്ടേ പീഡിതരാണ്. ഇപ്പോഴത് കൊലയാളികളുടെ പീഡനമായി. ഞങ്ങൾക്കിനി ആരിലും പ്രതീക്ഷയർപ്പിക്കാനില്ല. അല്ലാഹു മാത്രമേ അവലംബമുള്ളൂ. എന്റെ മരുമകളെ കുറിച്ച് ഒരു വിവരവുമില്ല. അവളും കൊല ചെയ്യപ്പെട്ടുവെന്ന് കേൾക്കുന്നു.'

ഒരു കുടുംബകലഹത്തെത്തുടർന്ന് വീട്ടിൽനിന്ന് മാറിത്താമസിച്ചതായിരുന്നു സുഹ്റാബുദ്ദീനും പത്നിയും. 1995 മുതൽ അയാളുടെ പേരിൽ ചില കേസുകളുണ്ട്. സാധാരണ ക്രിമിനൽ കേസുകളാണെല്ലാം. ഭീകരപ്രവർത്തനവുമായോ വിഘടനവാദവുമായോ അവക്കു യാതൊരു ബന്ധവുമില്ല. സുഹ്റാബുദ്ദീൻ അപ്രത്യക്ഷനായ ശേഷം കഴിഞ്ഞ ഒന്നരകൊല്ലമായി അയാളെ അന്വേഷിച്ചു നടക്കുകയായിരുന്നു സഹോദരൻ അർബാബുദ്ദീൻ. അഹ്മദാബാദ്, ഗാന്ധിനഗർ, ജയ്പൂർ, ഭോപാൽ, ദൽഹി തുടങ്ങിയ നഗരങ്ങളിലെ പോലീസ് ഓഫീസർമാർക്കുമുമ്പിൽ അയാൾ പരാതിയുമായെത്തി. എല്ലാം നിഷ്ഫലമായപ്പോഴാണ് സുപ്രീം കോടതിയെ സമീപിച്ചത്.

പീഡിതരുടെ അവസാന അത്താണിയായി ഇന്ത്യയുടെ ഉന്നത നീതിപീഠം നിലകൊള്ളുന്നു എന്ന് ഒരിക്കൽകൂടി തെളിയിക്കപ്പെട്ടുവെന്നതാണ് സുഹ്റാബുദ്ദീൻ കേസിന്റെ ശ്രദ്ധേയമായ നേട്ടം. സുദൃഢമായ തെളിവുകളും സുവ്യക്തമായ ന്യായങ്ങളും ശരിയായ രീതിയിൽ സമർപ്പിച്ചാൽ അത്യുന്നത നീതിപീഠത്തിൽനിന്നെങ്കിലും നീതി ലഭിക്കും. തെളിവുകളും ന്യായങ്ങളും സമർപ്പിക്കുന്നതിലുണ്ടാകുന്ന ക്രമക്കേടുകളാണ് പല കേസുകളിലും അക്രമികൾക്കു തുണയാകുന്നത്. അന്യായക്കാർ തന്നെ പ്രതിഭാഗം ചേരുന്ന സാഹചര്യത്തിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്നതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. സുഹ്റാബുദ്ദീൻ കേസുമായി മുന്നോട്ടുപോകുന്നതിന്റെ പേരിൽ തങ്ങൾക്ക് നിരവധി സമ്മർദങ്ങളും ഭീഷണികളും നേരിടേണ്ടിവരുന്നതായി സുഹ്റാബുദ്ദീന്റെ മറ്റൊരു സഹോദരൻ നയാബുദ്ദീൻ പറയുന്നു. കേസുമായി മുന്നോട്ടുപോയാൽ സുഹ്റാബുദ്ദീനെപ്പോലെ നീയും ഏറ്റുമുട്ടലിൽ കൊല്ലപ്പെടുമെന്നാണ് അയാൾക്ക് ലഭിച്ച ഒരു ഭീഷണി. കേസിൽനിന്ന് പിന്മാറാൻ വൻതുകയാണത്രെ ബി.ജെ.പി നേതാക്കൾ ഓഫർ ചെയ്യുന്നത്. ഭീഷണിക്കെതിരെ പോലീസ് സംരക്ഷണം തേടാൻ ഈ കുടുംബത്തിനു ധൈര്യമില്ല. പോലീസിനെതിരെ നടത്തുന്ന യുദ്ധത്തിൽ പോലീസിന്റെ സംരക്ഷണം തേടുന്നതിലെന്തർഥം എന്നാണവർ ചിന്തിക്കുന്നത്. സുഹ്റാബുദ്ദീന്റെ നാലു സഹോദരന്മാരും തോക്ക് ലൈസൻസിന് അപേക്ഷിച്ചിരിക്കുകയാണിപ്പോൾ. മോഡിസർക്കാർ അതനുവദിക്കുമോ എന്ന് കണ്ടറിയണം. ഫാഷിസത്തെ പ്രീതിപ്പെടുത്തി ആത്മരക്ഷയും ഭൗതിക പുരോഗതിയും നേടാൻ ശ്രമിക്കുന്നവരെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ് സുഹ്റാബുദ്ദീൻ കുടുംബത്തിന്റെ അനുഭവം. ■